## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4750** **29.6.2012-ൽ മറുപടിക്ക്**

**ശുചീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള നിർദ്ദേശം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

എ) ശുചീകരണ പ്രവർത്തനം നടത്തുന്നത് സംബന്ധിച്ച് പഞ്ചായത്തുകൾക്ക് എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

എ) മാലിന്യ നിർമ്മാർജ്ജനവും പരിസ്ഥിതി ശുചിത്വവും ഉറപ്പുവരുത്തുന്നതിന് മാലിന്യ മുക്ത കേരളം കർമ്മ പരിപാടി എന്ന വിപുലമായ പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി മനുഷ്യ വിസർജ്ജ്യ നിർമ്മാർജ്ജനത്തിനും ഖര-ദ്രവമാലിന്യ പരിപാലനത്തിനും കുടിവെള്ള സുരക്ഷ ഉറപ്പാക്കുന്നതിനും വ്യക്തി ശുചിത്വം പരിസര ശുചിത്വം ഇവ ഉറപ്പാക്കുന്നതിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടിയുടെ ഭാഗമായി വ്യക്തിഗത കക്കൂസുകളുടെ വ്യാപനം, സ്കൂൾ അംഗനവാടി ടോയ്‌ലറ്റുകളുടെ വ്യാപനം, പൊതുശുചിത്വ സമുച്ചയങ്ങളുടെ നിർമ്മാണം, ഖര-ദ്രവമാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ, വിവര വിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.
2. ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കി വരുന്നു.

- ഖരമാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തൽ
- ഖരമാലിന്യ സംസ്കരണശാലകളിലെ പ്രശ്നങ്ങൾ പരിഹരിക്കൽ
- അറവുശാലകളിലെയും പ്രത്യേക മാലിന്യ പ്രശ്നങ്ങളുള്ള പ്രദേശങ്ങളിലും മാലിന്യ സംസ്കരണ

സംവിധാനം ഏർപ്പെടുത്തൽ

- സ്ത്രീകൾക്കായുള്ള ശുചിത്വ വിശ്രമ സമുച്ചയം നിർമ്മിക്കൽ
- മെച്ചപ്പെട്ട ശുചിത്വ പ്രവർത്തനങ്ങൾക്കുള്ള പ്രോത്സാഹനം നൽകൽ
- നഗരപ്രദേശത്തെ സർക്കാർ സ്കൂളുകളിൽ ഗേൾഫ്രണ്ട്‌ലി ടോയ്‌ലറ്റ് നിർമ്മാണം
- ബി,പി,എൽ കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളിൽ സമഗ്ര ശുചിത്വ പ്ലാൻ തയ്യാറാക്കൽ.
- കോളനികളിലെ മാതൃകാ ദ്രവമാലിന്യ പരിപാലന പദ്ധതി
- എഞ്ചിനീയറിംഗ് ലാന്റ്ഫില്ലുകളുടെ സാധ്യതാ പഠനം
- എഞ്ചിനീയറിംഗ് ലാന്റ്ഫിൽ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ
- ശുചിത്വ ഘടകങ്ങളുടെ പഠനവും വിവരശേഖരണവും
- ദ്രവമാലിന്യ അവസ്ഥാപഠനം
- പൊതുസ്ഥാപനങ്ങളിൽ മാതൃകാദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ
- മീഡിയാ കാമ്പയിൻ
- പരിസ്ഥിതി ബന്ധിത വികസനവുമായി ബന്ധപ്പെട്ട റിയാലിറ്റിഷോ

തുടങ്ങിയ പരിപാടികൾ നടപ്പിലാക്കി വരുന്നു. ഇതുകൂടാതെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം, ഗാന്ധിജയന്തിയോടനുബന്ധിച്ചുള്ള ശുചീകരണ വാരാചരണം തുടങ്ങിയ പ്രവർത്തനങ്ങളും നടത്തിവരുന്നു.

ബി) മേൽ നിർദ്ദേശങ്ങൾ എല്ലാ പഞ്ചായത്തുകളും കൃത്യമായി പാലിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പഞ്ചായത്തുകൾക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ